**ഗുരുവായൂർ ദേവസ്വത്തിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ (കാറ്റഗറി നം. 09/2025), ഹെൽപ്പർ(കാറ്റഗറി നം. 02/2025), അസിസ്റ്റന്റ് ലൈൻമാൻ (കാറ്റഗറി.നം. 12/2025) തസ്തികകളിലേയ്ക്കുള്ള ഒ.എം.ആർ പരീക്ഷയുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ**

**പരീക്ഷാ തീയതി : 10.08.2025**

ഗുരുവായൂർ ദേവസ്വത്തിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ: 09/2025) തസ്തികയിലേയ്ക്കുള്ള ഒ.എം.ആർ പരീക്ഷ 2025 ആഗസ്റ്റ് 10 ന് രാവിലെ 9 മണി മുതൽ 10.45 മണി വരെയും, ഹെൽപ്പർ (കാറ്റഗറി നമ്പർ : 02/2025), അസിസ്റ്റന്റ് ലൈൻമാൻ (കാറ്റഗറി നമ്പർ : 12/2025) എന്നീ തസ്തികകളുടെ പൊതു ഒ.എം.ആർ പരീക്ഷ 2025 ആഗസ്റ്റ് 10 ന് ഉച്ചയ്ക്ക് ശേഷം 01.30 മണി മുതൽ 03.15 മണി വരെയും തൃശ്ശൂർ ജില്ലയിലെ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ടി തസ്തികകളിലേയ്ക്കുള്ള ഒ.എം.ആർ പരീക്ഷയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉദ്യോഗാർത്ഥികൾ നിർബന്ധമായി പാലിക്കേണ്ടതാണ്.

1) ഉദ്യോഗാർത്ഥികൾ പരീക്ഷ ആരംഭിക്കുന്നതിന് 30 മിനിറ്റ് മുമ്പായി പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിച്ചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനുശേഷം എത്തിച്ചേരുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷാ എഴുതുവാൻ അനുവദിക്കുന്നതല്ല.
2) അഡ്മിഷൻ ടിക്കറ്റിനോടൊപ്പം ഉദ്യോഗാർത്ഥികളുടെ Identity തെളിയിക്കുന്നതിനായി അഡ്മിഷൻ ടിക്കറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ഫോട്ടോ പതിച്ച ID Proof ന്റെ അസൽ (Original) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
3) ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പർ, മുറി എന്നിവ പരീക്ഷാകേന്ദ്രത്തിലെ അധികൃതർ പ്രദർശിപ്പിച്ചിട്ടുള്ളത് ഉറപ്പുവരുത്തിയതിന് ശേഷം മാത്രം ക്ലാസ് മുറികളിൽ ഉദ്യോഗാർത്ഥികൾ പ്രവേശിക്കേണ്ടതാണ്.
4) ഉദ്യോഗാർത്ഥികളെ അല്ലാതെ മറ്റാരേയും പരീക്ഷാ കേന്ദ്രത്തിനുള്ളിൽ പ്രവേശിപ്പിക്കുന്നതല്ല.
5) പരീക്ഷയ്ക്കെത്തുന്ന ഉദ്യോഗാർത്ഥികൾ അതത് പരീക്ഷാകേന്ദ്രത്തിലെ അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പരീക്ഷ എഴുതേണ്ടതാണ്.

********************